# GOVERNMENT OF KERALA
## Labour and Skills (E) Department
## NOTIFICATION

No.189/E1/2018/LBR. Dated, Thiruvananthapuram, 2nd October, 2018
16th Kanni, 1194.

The following proposal for the revision of minimum rates of wages which the Government of Kerala propose to make in exercise of the powers conferred by clause (b) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948), read with clause (b) of sub-section (1) of section 5 thereof and in supersession of the notification issued under G.O.(Ms.) No.48/2010/LBR dated 19th April, 2010 and published as S.R.O. No. 398/2010 in the Kerala Gazette Extraordinary No. 965 dated 21st April, 2010, payable to the employees employed in sweeping and cleaning in the State of Kerala, as specified in the Schedule annexed hereto, are hereby published for the information of all persons likely to be affected thereby, as required by clause (b) of sub-section (1) of section 5 of the said Act.

Notice is hereby given that the proposal will be taken up for consideration on or after two months from the date of publication of this notification in the Official Gazette and that the objections and suggestions, if any, that may be received from any person with respect to the said proposal on or before the date specified above will be considered by the Government. All such objections and suggestions shall be addressed to the Additional Chief Secretary to Government, Labour and Skills (E) Department, Government Secretariat, Thiruvananthapuram - 695 001.

## SCHEDULE I

### Daily Wage Rates

I. Basic Wages

| Sl.No | Work | Area | Daily wages (for 8 hours work) |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | Sweeping and cleaning | (i) Working in the Municipalities/ Corporation areas | ₹450 |
| | | (ii) Other areas | ₹ 425 |
| 2. | Supervisory | (i) Working in the Municipalities/ Corporation areas | ₹ 470 |
| | | (ii) Other areas | ₹450 |

## SCHEDULE II

### Hourly wage rates

| Total Wages (₹) | | |
|---|---|---|
| (1) | **within one hour** | |
| | (a) for Municipalities/ Corporation areas | ₹ 85 |
| | (b)Other areas | ₹ 75 |
| (2) | **For each hour exceeding one hour (upto 5 hours)** | |
| | (a) Municipalities/ Corporation areas | ₹ 65 |
| | (b) Other areas | ₹ 55 |

**II. Dearness Allowance**

(A) In addition to the basic wages, all employees included in the Schedule (I) are entitled to be paid Dearness Allowance at the rate of Rs.1/- (Rupee One only) per day for every increase of each point above 300 points in the new series ie., 1998-99=100 of the Consumer Price Index published by the Department of Economics and Statistics for the concerned District Head Quarters for every month.

(B) Hourly rated workers are eligible for basic wages as mentioned in Schedule II and Dearness Allowance as mentioned above for the work exceeding 5 hours and upto 8 hours.

III. General Conditions

(1) In case of Workers employed in any scheduled establishment directly by the employer other than through a person or agency are entitled for the Minimum Wages fixed for that particular Schedule and they will not be entitled for Minimum Wages fixed under this notification.

(2) In the case of employees who are at present getting higher wages than the minimum wages fixed as per this notification they shall continue to enjoy such higher rates.

3. The monthly rate of wages in respect of those for whom daily rate is fixed may be calculated by multiplying the daily rate by 26.

By order of the Governor,
DR. ASHA THOMAS
*Additional Chief Secretary to Government.*

# കേരള സർക്കാർ

തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്.

വിജ്ഞാപനം.

നം.189/ഇ 1/2018/തൊഴിൽ

തിരുവനന്തപുരം, 2018 ഒക്ടോബർ. 2
1194 കന്നി, 16

1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്ടിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം പ്രസ്തുത ആക്ടിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തോട് കൂട്ടി വായിച്ച പ്രകാരം നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും, 2010 ഏപ്രിൽ 19-ാം തീയതിയിലെ സ.ഉ.(എം.എസ്.) 48/2010/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2010 ഏപ്രിൽ 21-ാം തീയതിയിലെ 965-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 398/2010 നമ്പരായി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും, കേരള സർക്കാർ, സംസ്ഥാനത്തെ തൂത്തുവൃത്തിയാക്കലും ശുചീകരണവും (Sweeping and Cleaning) ജോലികൾക്കായി നിയോഗിക്കപ്പെട്ടിട്ടുള്ള തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം പുതുക്കി നിശ്ചയിക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ പ്രസ്തുത ആക്ടിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം ആവശ്യപ്പെടുന്ന പ്രകാരം അത് ബാധകമാകാനിടയുള്ള എല്ലാ ആളുകളുടെയും അറിവിലേയ്ക്കായി ഇതിനാൽ പ്രസിദ്ധീകരിക്കുന്നു.

പ്രസ്തുത നിർദ്ദേശങ്ങൾ ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ രണ്ട് മാസം തികയുന്ന തീയതിക്കോ അതിനു ശേഷമോ പരിഗണനയ്ക്കെടുക്കുന്നതാണെന്നും പ്രസ്തുത നിർദ്ദേശങ്ങൾ സംബന്ധിച്ച് മേൽപ്പറഞ്ഞ തീയതിക്കോ അതിനു മുമ്പോ ഏതെങ്കിലും ആളിൽനിന്ന് ലഭിച്ചേക്കാവുന്ന അങ്ങനെയുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും, എന്തെങ്കിലുമുണ്ടെങ്കിൽ അവയും സർക്കാർ പരിഗണനയ്ക്കെടുക്കുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു. അങ്ങനെയുള്ള എല്ലാ ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം - 695 001 എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്.

## പട്ടിക (1)

### ദിവസവേതന നിരക്കുകൾ

I. അടിസ്ഥാന വേതനം

| ക്രമ നമ്പർ | ജോലി | പ്രദേശം | ദിവസവേതനം (8 മണിക്കൂർ ജോലിക്ക്) (രൂപ) |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | തുന്നു വൃത്തിയാക്കലും ശുചീകരണവും | (i) മുനിസിപ്പാലിറ്റി / നഗരസഭ പരിധിയിലുള്ള പ്രദേശങ്ങളിൽ ജോലി ചെയ്യുന്നവർക്ക് | ₹450 |
| | | (ii) മറ്റ് പ്രദേശങ്ങളിൽ | ₹425 |
| 2. | സൂപ്പർവൈസറി | (i) മുനിസിപ്പാലിറ്റി / നഗരസഭ പരിധിയിലുള്ള പ്രദേശങ്ങളിൽ ജോലി ചെയ്യുന്നവർക്ക് | ₹470 |
| | | (ii) മറ്റ് പ്രദേശങ്ങളിൽ | ₹450 |

## പട്ടിക (2)

### മണിക്കൂർ അടിസ്ഥാനത്തിലുള്ള നിരക്കുകൾ

മൊത്ത വേതനം

| | (രൂപ) |
|---|---|
| **(1) ഒരു മണിക്കൂറിനുള്ളിൽ** | |
| (എ) മുനിസിപ്പാലിറ്റി / നഗരസഭ പരിധിക്കുള്ളിലെ പ്രദേശങ്ങൾ | ₹ 85 |
| (ബി) മറ്റ് പ്രദേശങ്ങളിൽ | ₹ 75 |
| **(2) തുടർന്നുള്ള ഓരോ മണിക്കൂർ ജോലിക്കും (5 മണിക്കൂർ വരെ)** | |
| (എ) മുനിസിപ്പാലിറ്റി / നഗരസഭ പരിധിക്കുള്ളിലെ പ്രദേശങ്ങൾ | ₹ 65 |
| (ബി) മറ്റ് പ്രദേശങ്ങളിൽ | ₹ 55 |

II. ക്ഷാമബത്ത

(എ) അടിസ്ഥാന വേതനത്തിന് പുറമേ, പട്ടിക (1)-ൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ തൊഴിലാളികൾക്കും കേരള സർക്കാരിന്റെ എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്, ബന്ധപ്പെട്ട ജില്ലാ കേന്ദ്രങ്ങൾക്ക വേണ്ടി ഓരോ മാസവും പ്രസിദ്ധീകരിക്കുന്ന 1998-99=100

എന്ന ഉപഭോക്തൃ വിലസൂചികയുടെ 300 പോയിന്റിനു മേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും പ്രതിദിനം 1/-രൂപ (ഒരു രൂപ)നിരക്കിൽ ക്ഷാമബത്ത നൽകേണ്ടതാണ്.

(ബി)മണിക്കൂർ നിരക്കിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് 5 മണിക്കൂറിൽ കൂടുതലും എന്നാൽ 8 മണിക്കൂർ വരെയും ജോലി ചെയ്യേണ്ടി വരികയാണെങ്കിൽ അവർക്ക് (1)-ാം പട്ടികയിൽ കണക്കാക്കിയ പ്രകാരമുള്ള അടിസ്ഥാന വേതനവും മേൽഖണ്ഡികയിൽ പറഞ്ഞിട്ടുള്ള ക്ഷാമബത്തയും ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

**III പൊതു വ്യവസ്ഥകൾ**

(1)ഏതെങ്കിലും ഒരു ഷെഡ്യൂൾഡ് സ്ഥാപനത്തിൽ മറ്റൊരാൾ മുഖേനയോ ഏജൻസി മുഖേനയോ അല്ലാതെ തൊഴിലുടമ നേരിട്ട് നിയമിക്കുന്ന ജീവനക്കാർക്ക്, പ്രസ്തുത ഷെഡ്യൂൾഡ് എംപ്ലോയ്മെന്റിൽ നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കിന് അർഹതയുണ്ടായിരിക്കുന്നതും പ്രസ്തുത വിഭാഗം ജീവനക്കാർക്ക് ഈ വിജ്ഞാപനപ്രകാരം നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ കൂലി നിരക്ക് ബാധകമായിരിക്കുന്നതുമല്ല.

(2)ഈ വിജ്ഞാപനത്തിൽ നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ വേതനത്തേക്കാൾ ഉയർന്ന വേതനം നിലവിൽ ലഭിക്കുന്ന തൊഴിലാളികൾക്ക് അപ്രകാരമുള്ള ഉയർന്ന വേതന നിരക്ക് തുടർന്നും ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(3)ദിവസവേതനം നിശ്ചയിച്ചിട്ടുള്ളവരെ സംബന്ധിച്ച് അവരുടെ മാസവേതനം കണക്കാക്കേണ്ടത് ദിവസവേതനത്തെ 26 കൊണ്ട് ഗുണിച്ചായിരിക്കണം.

ഗവർണറുടെ ഉത്തരവിൻ പ്രകാരം.

ഡോ. ആഷ തോമസ്

ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി